**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3085 22.6.2012-ൽ മറുപടിയ്ക്ക്**

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ നവീകരണത്തിനായി നടപ്പിലാക്കിയ പദ്ധതി എന്താണ്; | എ) | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ നവീകരണത്തിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി:<br>1.2500 കോഴികളെ പ്രതിദിനം സംസ്കരിക്കുന്ന ആട്ടോമാറ്റിക്ക് പ്രോസസിംഗ് പ്ളാന്റ് സ്ഥാപിച്ചു.<br>2. മാംസം ഗുണനിലവാരത്തോടെ സൂക്ഷിക്കുന്നതിനുള്ള ചില്ലിംഗ് & ക്യൂറിംഗ് യൂണിറ്റ് സ്ഥാപിച്ചു.<br>3.ഫാക്ടറിയിലെ ഇറച്ചി അവശിഷ്ടങ്ങൾ ഉപയോഗിച്ച് ഫാക്ടറിയ്ക്കാവശ്യമായ ബയോഗ്യാസ് ഉല്പാദിപ്പിക്കാൻ കഴിയുന്ന ബയോഗ്യാസ് പ്ളാന്റ് സ്ഥാപിച്ചു. ഇതുവഴി മാലിന്യം ഇല്ലാതാക്കാനും ഉല്പാദനചിലവ് കുറയ്ക്കാനും കഴിഞ്ഞു.<br>4. 100 പന്നികളെ വളർത്താൻ സൗകര്യമുള്ള ആധുനിക രീതിയിലുള്ള പന്നി ഫാമിന്റെ പണി പൂർത്തിയായി |
| ബി) | ഈയിനത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; | ബി) | ഈ ഇനത്തിൽ ആകെ 89.93 ലക്ഷം രൂപ ചിലവഴിച്ചു. |
| സി) | ചാലക്കുടിയിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അംഗീകരിച്ച മാംസ സംസ്കരണ പ്ളാന്റ് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ ? | സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചാലക്കുടിയിൽ ആധുനിക മാംസസംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് ധാരണാപത്രം ഒപ്പിടുന്നതിനുള്ള അനുമതി നൽകുക മാത്രമാണുണ്ടായത്. എന്നാൽ ഡി.പി.ആർ പരിശോധിക്കാതെയാണ് സർക്കാർ ധാരണാപത്രം ഒപ്പിടാൻ അനുമതി നൽകിയതെന്ന് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ |

ഡി.പി.ആർ ഉടനെ തന്നെ സമർപ്പിക്കുന്നതിന് വെർജിൻ ഫുഡ് സർവ്വീസ്സസ്സിനോട് ബോർഡ് ആവശ്യപ്പെട്ടു.പിന്നീട് ലഭിച്ച വെർജിൻ ഫുഡ് സർവ്വീസ്സസ്സിന്റെ ഡി.പി.ആർ പരിശോധിച്ചതിൽ നിന്നും 18 കോടി രൂപ പ്രവർത്തനമൂലധനമായി ലോൺ എടുക്കുന്നതായി കാണിച്ചിരിക്കുന്നു. കമ്പനിയുടെ സ്ഥലം പണയപ്പെടുത്തരുതെന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് വെർജിൻ ഫുഡ് സർവ്വീസ്സസ്സ് പദ്ധതി സമർപ്പിച്ചിരിക്കുന്നത്. അതിനാൽ സർക്കാർ നിബന്ധനകൾക്ക് വിധേയമായി ജോയിന്റ് വെഞ്ചർ പദ്ധതി തുടർന്നുകൊണ്ടുപോകുന്നതിന് പല തടസ്സങ്ങൾ നിലവിലുണ്ട്. ഡി.പി.ആറിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മറ്റിയെ ബോർഡ് യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്. 28.5.2012-ൽ കൃഷി. മൃഗസംരക്ഷണവും, പ്രിന്റിങ് & അച്ചടി വകുപ്പുമന്ത്രിയുടെ ഓഫീസിൽ ചേർന്ന യോഗത്തിൽ എം.പി.ഐ, കെ.എൽ.ഡി.ബി, മൃഗസംരക്ഷണവകുപ്പ് എന്നിവയുടെ സംയുക്തസംരംഭമായി മാംസസംസ്കരണ യൂണിറ്റ് ചാലക്കുടിയിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിൽ ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭ ചിലവുകൾക്കായി 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

Seela

**സെക്ഷൻ ഓഫീസർ**